പതിന്നാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1432 03.10.2016-ൽ മറുപടിക്ക്

## അനസ്തീഷ്യ ചെയ്യുന്ന ഡോക്ടർക്കെതിരെയുള്ള പരാതികൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.കെ.കുഞ്ഞിരാമൻ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| (എ)കൈക്കൂലി നൽകാത്തതിനെ തുടർന്ന് കാസർഗോഡ് ജനറൽ ആശുപത്രിയിൽ നിന്ന് ആദിവാസി യുവതിയെ ശസ്ത്രക്രിയ നടത്താതെ ഇക്കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ നിർബന്ധപൂർവ്വം ഡിസ്ചാർജ്ജ് ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (എ) ശസ്ത്രക്രിയ നടത്താതെ നിർബന്ധപൂർവ്വം ഡിസ്ചാർജ് ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കൈക്കൂലി നൽകാത്തതിനാൽ ചികിൽസ നിഷേധിച്ച എന്നതു സംബന്ധിച്ച് ശ്രീമതി. സരസ്വതി മുതൽപേർ സമർപ്പിച്ച ഒരു പരാതി കാസർഗോഡ് ജനറൽ ആശുപത്രി സൂപ്രണ്ടിനും കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർക്കും ലഭിച്ചിരുന്നു. |
| (ബി)ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർ, അഡീഷണൽ ആരോഗ്യ വകുപ്പ് ഡയറക്ടർ (വിജിലൻസ്) എന്നിവർ ഈ വിഷയത്തിൽ അന്വേഷണം നടത്തിയിരുന്നു. പ്രസ്തുത അന്വേഷണത്തിൽ 11.08.2016 ന് പരാതിക്കാരിയുടെ, ഗർഭപാത്രം നീക്കം ചെയ്യുന്നതിനുള്ള ശസ്ത്രക്രീയ നടത്തിയതായും 16.08.16 ന് ആശുപത്രിയിൽ നിന്നും ഡിസ്ചാർജ് ചെയ്തതായും കണ്ടെത്തിയിട്ടുണ്ട്. പരാതിക്കാരി, ടിയാളുടെ സഹോദരി, ആരോപണ വിധേയരായ ഡോക്ടർമാർ, ഡ്യൂട്ടിയിലുണ്ടായിരുന്ന ജീവനക്കാർ എന്നിവരുടെ മൊഴി രേഖപ്പെടുത്തുകയുണ്ടായി. കൈക്കൂലി വാങ്ങി എന്ന ആരോപണം രണ്ട് ഡോക്ടർമാരും നിഷേധിച്ചിട്ടുണ്ട്. എഴുത്തും വായനയും അറിയാത്ത തന്നെക്കൊണ്ട് വീടിനടുത്തുള്ള രണ്ടുമൂന്ന് പേർ പരാതി എഴുതി ഒപ്പിട്ടുവിക്കുകയായിരുന്നുവെന്നും ചികിത്സക്കായി ഡോക്ടർമാർക്ക് രൂപ നൽകിയിട്ടില്ല എന്നും പരാതിക്കാരിയായ ശ്രീമതി.സരസ്വതി മൊഴി നൽകിയിട്ടുണ്ട്. മയക്ക് ഡോക്ടർ ആയ |

| | | |
|---|---|---|
| | | ഡോ.വെങ്കിടേശഗിരിയുടെ വീട്ടിൽ പോയിക്കണ്ട് രൂപ കൊടുക്കാൻ ശ്രമിച്ചുവെങ്കിലും അദ്ദേഹം രൂപ വാങ്ങിയില്ല എന്ന് പരാതിക്കാരിയുടെ സഹോദരി മൊഴി നൽകിയിട്ടുണ്ട്. |
| (സി)അനസ്തീഷ്യ ചെയ്യുന്ന ഡോക്ടർക്കെതിരെ ഒട്ടേറെ പരാതികൾ ഉള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) യും (ഡി) | ഇല്ല. ശ്രീമതി.സരസ്വതിയുടെ പരാതി അല്ലാതെ മറ്റ് പരാതികൾ ഒന്നും അനസ്തെറ്റിസ്റ്റിനെതിരെ ലഭിച്ചിട്ടില്ല. |
| (ഡി)എങ്കിൽ അന്വേഷണത്തിന്റെ ഭാഗമായി, ഈ ആശുപത്രിയിൽ നിന്ന് ഓപ്പറേഷന് വിധേയരായവരിൽ നിന്ന് കൂടി വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ